# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പുപദ്ധതി പരിഷ്കരിക്കാൻ നടപടി

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4626 | 27.06.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. ബി.ഡി. ദേവസ്സി | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിൽ ദിനങ്ങൾ കുറയ്ക്കുന്ന തരത്തിലുള്ള പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ ഒഴിവാക്കി കൂടുതൽ തൊഴിൽ അവസരങ്ങളും തൊഴിൽ ദിനങ്ങളും ലഭ്യമാക്കത്തക്ക വിധത്തിൽ ഈ പദ്ധതിയെ പരിഷ്കരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിൽ ദിനങ്ങൾ കുറയ്ക്കുന്ന തരത്തിലുള്ള പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ ഒന്നും സർക്കാർ പുറപ്പെടുവിച്ചിട്ടില്ല.<br>അളന്ന് തിട്ടപ്പെടുത്താൻ കഴിയാത്തതും (non-measurable) പ്രകടമല്ലാത്തതും (non tangible), ആവർത്തന സ്വഭാവമുള്ളതും (repetitive) ആയതുമായ പ്രവൃത്തികൾ ഏറ്റെടുക്കാൻ പാടില്ലായെന്ന് 2013 ൽ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളിലും 03.01.2014 ൽ ഭേദഗതി ചെയ്ത പട്ടിക I ലും കേന്ദ്രസർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഭേദഗതി ചെയ്ത പട്ടിക I ൽ ചുവടെ പറയുന്ന പ്രവൃത്തികൾ പുതിയതായി ഉൾപ്പെടുത്തിയിട്ടുണ്ട്.<br>1. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഭവന പദ്ധതിയിൽ ഏറ്റെടുക്കുന്ന വീടുകളുടെ നിർമ്മാണത്തിലെ അവിദഗ്ദ്ധ കായിക തൊഴിൽ<br>2. കാലിത്തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട് എന്നിവയുടെ നിർമ്മാണം |

| | | | |
|---|---|---|---|
| | | | 3. NRLM ൽ ഉൾപ്പെട്ടിട്ടുള്ള സ്വയംസഹായ സംഘങ്ങൾക്ക് വർക്ക് ഷെഡ്ഡുകളും, സംഭരണ കേന്ദ്രങ്ങളും<br>4. വനിതാ സ്വയംസംഘങ്ങളുടെ ഫെഡറേഷനുള്ള കെട്ടിടം<br>5. ഗ്രാമീണ മാർക്കറ്റുകൾക്കുള്ള കെട്ടിടം<br>6. ക്രിമിറ്റോറിയങ്ങൾക്കുള്ള കെട്ടിടം<br>7. സൈക്ലോൺ ഷെൽട്ടറുകൾ<br>8. തൊഴിലുറപ്പ് പദ്ധതിയിലെ ആസ്തികൾക്കുള്ള നിർമ്മാണ വസ്തുക്കളുടെ ഉല്പാദനം<br>9. ഭക്ഷ്യധാന്യ സംഭരണശാലകൾ<br>10. തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്തിട്ടുള്ള ആസ്തികളുടെ മെയിന്റനൻസ്<br>ഇപ്രകാരം കൂടുതൽ പ്രവൃത്തികൾ ഉൾപ്പെടുത്തി പട്ടിക വിപുലപ്പെടുത്തി യിട്ടുള്ളതിനാൽ കൂടുതൽ തൊഴിൽ അവസരങ്ങളും തൊഴിൽ ദിനങ്ങളും ലഭ്യമാകുന്നതാണ്. |
| (ബി) | മൃഗസംരക്ഷണ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കത്തക്ക വിധത്തിൽ തൊഴിലുറപ്പ് പദ്ധതിയെ ഈ മേഖലയിൽ വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | മൃഗസംരക്ഷണമേഖലയിൽ കൂടുതൽ തൊഴിലവസരങ്ങളും ഉപജീവന ആസ്തികളും ലഭ്യമാകുന്നതിനുതകുന്ന ചുവടെപ്പറയുന്ന പ്രവൃത്തികൾ ഉൾപ്പെടുത്തി കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.<br>1. കോഴിക്കൂട് നിർമ്മാണം<br>2. ആട്ടിൻകൂട് നിർമ്മാണം<br>3. പന്നിക്കൂട് നിർമ്മാണം<br>4. കാലിത്തൊഴുത്ത് നിർമ്മാണം |

സെക്ഷൻ ഓഫീസർ